(ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്.

കേബിൾ ടി.വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് ചാർജ് ഈടാക്കാൻ നടപടി

21 (910) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് എന്ത് ചാർജ് ആണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ സർക്കാരിലേയ്ക്ക് പ്രതിവർഷം എന്ത് വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(സി) കേരളത്തിൽ ഇവർ എത്ര കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈയിനത്തിൽ ഏഷ്യാനെറ്റ് കണക്കിൽപ്പെടാതെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽ നിന്നും പുതുക്കിയ നിരക്കിൽ ഈടാക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

പോസ്റ്റ് ഒന്നിന് യൂണിറ്റ് ഒരു വർഷത്തേയ്ക്ക്

1. അർബൻ, സെമി അർബൻ ഏരിയാകളിൽ – 108 രൂപ

2. റൂറൽ ഏരിയാകളിൽ – 54 രൂപ

(ബി) 163.04 ലക്ഷം രൂപ.

(സി) 7,61,699 എണ്ണം

(ഡി) ഉണ്ട്.

(ഇ) നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തെരുവു വിളക്കുകൾക്കായി മീറ്റർ ഘടിപ്പിക്കാൻ നടപടി

22 (911) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് സ്ട്രീറ്റ് ലൈറ്റ് പ്രകാശിപ്പിക്കുന്നതിന്റെ പേരിൽ പ്രതിമാസം പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും എന്തു തുകയാണ് ഈടാക്കുന്നത് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക സ്വീകരിക്കുമ്പോൾ പ്രകാശിപ്പിക്കാത്ത തെരുവു വിളക്കുകളുടേയും കറണ്ട് ചാർജ് ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന് കാരണമെന്ത് ;

(സി) തെരുവു വിളക്കുകൾക്കായി മീറ്റർ ഘടിപ്പിച്ച് കറണ്ട് യൂണിറ്റ് നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 286.99 ലക്ഷം രൂപ പ്രതിമാസം ഈടാക്കുന്നുണ്ട്.

തിരുവനന്തപുരം	-	51,86,000 രൂപ
കൊല്ലം	-	26,06,000 രൂപ
പത്തനംതിട്ട	-	20,19,000 രൂപ
ആലപ്പുഴ	-	21,70,000 രൂപ
കോട്ടയം	-	25,30,341 രൂപ
എറണാകുളം	-	48,15,947 രൂപ
തൃശ്ശൂർ	-	34,31,154 രൂപ
ഇടുക്കി	-	4,11,712 രൂപ
കാസർഗോഡ്	-	6,73,647 രൂപ
കണ്ണൂർ	-	13,83,684 രൂപ
വയനാട്	-	2,97,521 രൂപ
കോഴിക്കോട്	-	14,83,598 രൂപ
മലപ്പുറം	-	13,67,602 രൂപ
പാലക്കാട്	-	3,22,635 രൂപ

(ബി) ഉണ്ട്. പ്രകാശിക്കാത്ത തെരുവു വിളക്കുകളുടെ ഉപഭോഗത്തിലെ കുറവ് രേഖപ്പെടുത്തി ചാർജ് കുറവ് ചെയ്യാറില്ല. തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ നൽകേണ്ടത് പ്രാദേശിക ഭരണകൂടങ്ങളാണ്. പ്രകാശിക്കാത്ത തെരുവു വിളക്കുകളുടെ എണ്ണം താരതമ്യേന കുറവായതിനാൽ വൈദ്യുത ചാർജിൽ തുച്ഛമായ വ്യത്യാസം മാത്രമേ വരികയുള്ളൂ.

(സി) ട്രാൻസ്ഫോർമർ സ്റ്റേഷനുകളുമായി ബന്ധപ്പെട്ടാണ് സ്ട്രീറ്റ് മെയിനുകൾ വലിച്ചിട്ടുള്ളത്. ആയത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സ്വീകരിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. അത് ഫോർ-ടൈപ്പ് മീറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുവേണ്ട ചെലവുകൾ ബന്ധപ്പെട്ടവർ വഹിക്കുമെങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly